## പതിനാലാം കേരള നിയമസഭ
## പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1426 | | 06.03.2020-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഖര മാലിന്യ നിർമ്മാർജ്ജനത്തിൽ വീഴ്ചവരുത്തിയ കോർപ്പറേഷനുകൾക്കെതിരെ സ്വീകരിച്ച നടപടി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.എസ്.ശിവകുമാർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | 1986-ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഖര മാലിന്യ നിർമ്മാർജ്ജനത്തിൽ വീഴ്ചവരുത്തിയ കോർപ്പറേഷനുകൾക്കെതിരെ മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചിരുന്നോയെന്ന് അറിയിക്കുമോ; | (എ) & (ബി) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തൃശ്ശൂർ നഗരസഭയ്ക്ക് 4.56 കോടിയുടെ Environmental Compensation ഒടുക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം കോർപറേഷന് 14.59 കോടി രൂപയും, കൊച്ചി കോർപ്പറേഷന് 1.122 കോടി രൂപയും Environmental Compensation ആയി അടയ്ക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഏതൊക്കെ കോർപ്പറേഷനുകൾക്കെതിരെയാണ് നടപടി സ്വീകരിച്ചതെന്നും ഓരോ കോർപ്പറേഷനും ഏർപ്പെടുത്തിയ പിഴത്തുക എത്രയെന്നും വിശദീകരിക്കുമോ; | | |
| (സി) | പിഴ ചുമത്തിയത് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടായിരുന്നോ; സംസ്ഥാനത്ത് ഏതെങ്കിലും കോർപ്പറേഷൻ പിഴ തുക ഇതിനകം അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | മലിനീകരണ നിയന്ത്രണ ബോർഡ് പിഴ ഒടുക്കുന്നതിനുള്ള നിർദേശങ്ങൾ നൽകിയത് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിന് അനുസൃതമായിട്ടായിരുന്നു. പിഴ തുക കോർപ്പറേഷനുകൾ അടച്ചിട്ടില്ല. ബോർഡ് നൽകിയ ഉത്തരവിനെതിരെ തൃശ്ശൂർ കോർപ്പറേഷൻ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ദേശീയ ഹരിത ട്രിബ്യൂണൽ മുൻപാകെ അപ്പീൽ പോകുന്നതിനോ അല്ലെങ്കിൽ ദേശീയ ഹരിതട്രിബ്യൂണലിന്റെ Original Application-ൽ കക്ഷിചേരുകയോ ചെയ്യുന്നതിനോ അല്ലെങ്കിൽ രണ്ടും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനോ ബഹു. ഹൈകോടതി ഉത്തരവിടുകയും ചെയ്തിരുന്നു. ഹൈക്കോടതി വിധിക്കെതിരെ തൃശ്ശൂർ കോർപ്പറേഷൻ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ അപ്പീൽ പോകുകയും അപ്പീൽ തീർപ്പാകുന്ന മുറയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡിനു Environmental Compensation നൽകുന്നതിനുള്ള ഒരു ബോണ്ട് execute ചെയ്യുന്നതിനുള്ള ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നടപടിക്കെതിരെ തിരുവനന്തപുരം കോർപ്പറേഷൻ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ബോർഡിന്റെ നടപടിയിന്മേൽ സ്റ്റേ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ